I/208238/2024

Website: www.keralapsc.gov.in
E-mail : doidk.psc@kerala.gov.in
Telephone No.04868-272359
Fax No. 04868-252405

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, ഇടുക്കി**

നമ്പർ : IDA-1/50040/2018-KPSC-DOIDK

സ്ഥലം : കട്ടപ്പന
Date:29-01-2024

**ക്വട്ടേഷൻ / ലേല പരസ്യം**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇടുക്കി ജില്ലാ ഓഫീസിന്റെ പുതിയ ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി കട്ടപ്പന മുൻസിപ്പാലിറ്റിയിലെ അമ്പലക്കവലയിലുള്ള നിർദ്ദിഷ്ട ഓഫീസ് സ്ഥലത്തെ മരങ്ങൾ 16.02.2024 ന് രാവിലെ 11.30 മണിക്ക് ഇടുക്കി ജില്ലാ ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചും വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | ഇനം | നെഞ്ചുയരത്തിലെ വണ്ണം (സെ.മീ.) | വ്യാപ്തം (തടി-M3, വിറക്-MT) | നിരക്ക് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പേഴ് | 100 | 0.322 | 3750 | 1207 | |
| 2 | തേക്ക് | 160 | 0.976 | 132270 | 129095 | |
| ആകെ | | | | | 130302 | |
| **(ഒരു ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി രണ്ട് രൂപ മാത്രം)** | | | | | | |

**വ്യവസ്ഥകൾ**

1) ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ / വ്യക്തികൾ ലേല ദിവസം 16.02.2024 ന രാവിലെ 11.00 മണിക്ക് മുൻപായി Rs.10,000 (പതിനായിരം രൂപ) നിരതദ്രവ്യം ഇടുക്കി ജില്ലാ പി. എസ്. സി. ഓഫീസിൽ കെട്ടിവെച്ച് രസീത് കൈപ്പറ്റേണ്ടതാണ്. സീൽ ചെയ്ത ക്വട്ടേഷനുകൾ ലേല ദിവസം രാവിലെ 11.00 മണിക്ക് മുൻപായി ജില്ലാ ഓഫീസർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

2) ക്വട്ടേഷൻ കവറിനു പുറത്ത് ലേല പരസ്യനമ്പർ ഉൾപ്പടെ "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, ഇടുക്കി - മരങ്ങൾ (രണ്ട് എണ്ണം) ലേലം ചെയ്ത് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി എഴുതേണ്ടതാണ്.

3) ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരെല്ലാം ലേല സമയത്ത് ഹാജരാകേണ്ടതാണ്.

4) പരസ്യ ലേലം കഴിഞ്ഞാലുടനെ ക്വട്ടേഷൻ തുറക്കുന്നതും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾക്ക് ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്.

5) ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി / സ്ഥാപനം ലേല തുകയുടെ പകുതി (ലേല സംഖ്യയുടെ 18% ചരക്കു സേവന നികുതിയും ലേല സംഖ്യയുടെ 5% വനവികസന നികുതിയും 2.5% ആദായനികുതിയും മറ്റ് നിയമാനുസൃത നികുതികളും ഉൾപ്പടെ) ലേല സ്ഥലത്ത് വച്ച് തന്നെ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

6) ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ച് കഴിഞ്ഞാൽ 3 ദിവസത്തിനകം മുഴുവൻ തുകയും അടച്ച് ലേലം കൈക്കൊണ്ടയാൾ 7 (ഏഴ്) ദിവസത്തിനുള്ളിൽ ഓഫീസ് അധികാരികളുടെ സാന്നിധ്യത്തിൽ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും മരങ്ങൾ സുരക്ഷിതമായി മുറിച്ച് വേരുൾപ്പടെ പിഴുതു മാറ്റേണ്ടതാണ്. വസ്തുവകകൾക്കോ കെട്ടിടങ്ങൾക്കോ മറ്റ് നിർമ്മിതികൾക്കോ കേടുപാടുകൾ കൂടാതെ മരങ്ങൾ മുറിച്ച് വേരുൾപ്പടെ പിഴുതു മാറ്റി അവശിഷ്ടങ്ങൾ പ്രസ്തുത പരിസരത്തു നിന്നും നീക്കം ചെയ്യേണ്ടതും അല്ലാത്ത പക്ഷം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിയമവിധേയമായ നടപടികളും പിഴപലിശയും ഈടാക്കുന്നതുമാണ്.

7) ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാർ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതും ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതും ആയിരിക്കും.

8) പുനർലേലത്തിൽ ഓഫീസിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

9) ലേലം നിശ്ചയിച്ചിരിക്കുന്ന മരങ്ങൾ ലേല തീയതിയ്ക്ക് മുൻപുള്ള പ്രവൃത്തി ദിനങ്ങളിൽ മേലധികാരികളുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

10) ലേലം ഉറപ്പിക്കുന്നതിനും യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരം ഇടുക്കി ജില്ലാ പി. എസ്. സി. ഓഫീസറിൽ നിക്ഷിപ്തമാണ്.

11) ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ലേലത്തിനു ബാധകമായിരിക്കും.

12) ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ പി. എസ്. സി. ഇടുക്കി ജില്ലാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ജില്ലാ ഓഫീസ്, ഇടുക്കി
ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ
KERALA PUBLIC SERVICE COMMISSION
DISTRICT OFFICE, IDUKKI

(ഉത്തരവിൻ പ്രകാരം)

SASIKUMAR V
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, ഇടുക്കി

പകർപ്പ് :
1) ഓഫീസ് നോട്ടീസ് ബോർഡ്
2) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വെബ് സൈറ്റ്
3) പി. ആർ.ഒ., കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
4) കട്ടപ്പന മുൻസിപ്പാലിറ്റി
5) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി
6) പ്രസ്സ് ക്ലബ്ബ്, ഇടുക്കി